# കേരള കാർഷിക സർവ്വകലാശാല
## നാളികേര ഗവേഷണ കേന്ദ്രം

കട്ടച്ചൽക്കുഴി, ബാലരാമപുരം

നമ്പർ: ബി/377/2016 തീയതി : 22.10.2022

## <u>പുനർ ക്വട്ടേഷൻ നോട്ടീസ്</u>

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിലെ ലൈവ് സ്റ്റോക്ക് യൂണിറ്റിലെ കറവവറ്റിയ പശുവിനെ (നമ്പർ 121) ക്വട്ടേഷൻ മുഖേന വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു. 31.11.2014-ന ജനിച്ച പശുവിന് ഏകദേശം നാന്നൂറ് കിലോ തൂക്കം വരും. ടി പശുവിനെ വാങ്ങുവാൻ താല്പര്യമുള്ളവരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

മത്സര സ്വഭാവത്തില്ലുള്ള ക്വട്ടേഷൻ മുഖേന പശുവിനെ വാങ്ങുവാൻ താല്പര്യമുള്ളവർ താത്പര്യപ്പെടുന്ന വില രേഖപ്പെടുത്തി കവറിലാക്കി സീൽ ചെയ്തു, കവറിനു പുറത്ത് "121-ാം നമ്പർ പശുവിനെ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ"എന്ന് രേഖപ്പെടുത്തി പ്രൊഫസർ & ഹെഡ്, നാളികേര ഗവേഷണകേന്ദ്രം, കട്ടച്ചൽക്കുഴി പി.ഒ., ബാലരാമപുരം– 695501 എന്ന വിലാസത്തിൽ **17.11.2022–ന്** ഉച്ചയ്ക്ക് **2.30** മണിക്ക് മുമ്പായി അയയ്ക്കുകയോ നേരിട്ട് എത്തിയ്ക്കുകയോ ചെയ്യേണ്ടതാണ്. അന്നേ ദിവസം **3.00** മണിക്ക് ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതും, ലഭ്യമായ ഏറ്റവും കൂടിയ നിരക്ക് സർക്കാർ/സർവ്വകലാശാല മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗീകരിക്കുന്നതുമായിരിക്കും. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും റദ്ദുചെയ്യുന്നതിനും, മാറ്റിവയ്ക്കുന്നതിനും നിരസിക്കുന്നതിനും, പുനർക്വട്ടേഷൻ നടത്തുന്നതിനുള്ള പരമാധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ/ ഇതേ ആവശ്യത്തിനുവേണ്ടി രൂപീകരിക്കുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷൻ മുഖേന വിൽക്കുന്ന 121-ാം നമ്പർ പശുവിനെ നേരിൽക്കണ്ട് ബോധ്യപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് നേരിൽ ഹാജരായാൽ ഓഫീസ് പ്രവൃത്തി സമയത്ത് അതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് 0471–2400621 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്.

ഒപ്പ്/-
പ്രൊഫസർ ആന്റ് ഹെഡ്

<u>പകർപ്പ്:</u>

1. അസിസ്റ്റന്റ് പ്രൊഫസർ & ഫാം ഇൻ ചാർജ്ജ്
2. അസിസ്റ്റന്റ് പ്രൊഫസർ (ഇൻ ചാർജ്ജ് ഓഫ് ആർ എഫ്)
3. ഫാം സൂപ്പർവൈസർ ഗ്രേഡ്-II (വെറ്റി)
4. കോട്ടുകാൽ/വെങ്ങാനൂർ വില്ലേജ് ഓഫീസ്
5. കോട്ടുകാൽ/വെങ്ങാനൂർ പഞ്ചായത്ത് ഓഫീസ്
6. കെ.എ.യു. വെബ്സൈറ്റ്

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്